"ഭരണഭാഷ - മാതൃഭാഷ"

**വളരെ അടിയന്തിരം**

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: എഫ്3/3456/2014(1) തൈക്കാട്, തിരുവനന്തപുരം-14
തീയതി: 18.06.2014

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ്-80% ഹാജർ കുറവായതിനാൽ ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതാതെ രണ്ടാം സെമസ്റ്ററിൽ പരിശീലനത്തിൽ തുടരുന്ന ട്രെയിനികൾക്ക് പരീക്ഷ എഴുതുവാൻ അനുവാദം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- മലമ്പുഴ ഐ.ടി.ഐ ട്രെയിനികൾ 29.5.14 നു സമർപ്പിച്ച അപേക്ഷ.

*********

2013 ആഗസ്റ്റിൽ ഡി.ജി.ഇ.റ്റി സെമസ്റ്റർ സംവിധാനം ആരംഭിച്ചു. തദടിസ്ഥാനത്തിൽ 2013 ഫെബ്രുവരിയിൽ ഒന്നാം സെമസ്റ്റർ പരീക്ഷ നടന്നിരുന്നു. സെമസ്റ്റർ സംവിധാനത്തിൽ ട്രെയിനികളുടെ ഹാജർ സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ ഡി.ജി.ഇ.റ്റിയിൽ നിന്നും ലഭിച്ചിരുന്നില്ല.

വിവിധ ഐ.ടി.ഐകളിൽ നിന്നും ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുകയും എന്നാൽ 80% ഹാജർ തികയാതിരുന്നതു മൂലം ഹാൾ ടിക്കറ്റ് ലഭിക്കാത്ത ട്രെയിനികൾ ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കാതെ രണ്ടാം സെമസ്റ്ററിൽ തുടർന്നു പഠിക്കുകയും , ആവശ്യം വേണ്ട ട്രെയിനിംഗും ഹാജരും തികച്ചതിനാൽ ഒന്നാം സെമസ്റ്റർ പരീക്ഷയും രണ്ടാം സെമസ്റ്റർ പരീക്ഷയും എഴുതുവാൻ അനുമതി നൽകണമെന്നും അപേക്ഷ നൽകിയിരുന്നു.

ടി വിഷയം പരിശോധിച്ചതിൽ ഒന്നാം സെമസ്റ്ററിൽ 80% ഹാജർ തികയാത്തതു മൂലം പരീക്ഷയെഴുതാൻ സാധിക്കാതെ രണ്ടാം സെമസ്റ്ററിൽ പഠനം തുടർന്നിരുന്ന ട്രെയിനികൾ ഒന്നാം സെമസ്റ്ററിൽ ആവശ്യം വേണ്ട ട്രെയിനിംഗ് ഇതിനകം പൂർത്തീകരിക്കുകയും രണ്ടാം സെമസ്റ്ററിൽ 80% ഹാജർ നേടുകയും ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ ഒന്നാം സെമസ്റ്റർ പരീക്ഷ ജൂലൈ 2014 ൽ നടത്തുന്ന ഒന്നാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയോടൊപ്പം എഴുതുവാനും രണ്ടാം സെമസ്റ്റർ പരീക്ഷ ജൂലൈ 2014-ലെ രണ്ടാം സെമസ്റ്റർ പരീക്ഷയോടൊപ്പം എഴുതുവാനും അനുമതി നൽകുന്നു.

സെമസ്റ്റർ സമ്പ്രദായം പുതിയതായി ഏർപ്പെടുത്തിയ അവസരത്തിൽ ഹാജർ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ഡി.ജി.ഇ.ടി യിൽ നിന്നും ലഭ്യമാകാതിരുന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് ടി അനുമതി 2014 ജൂലൈയിൽ നടക്കുന്ന സെമസ്റ്റർ പരീക്ഷയ്ക്ക് മാത്രമായിരിക്കും.

ടി നിബന്ധനകൾ പൂർത്തികരിച്ചിട്ടുള്ള ട്രെയിനികളുടെ പരീക്ഷയ്ക്കു വേണ്ട അപേക്ഷകൾ 25.6.2014 വൈകുന്നേരം 3 P.Mനകം പ്രത്യേക ദൂതൻ മുഖാന്തിരം ചാക്ക ആർ .ഐ.സെന്ററിൽ പ്രവർത്തിക്കുന്ന പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

To

എല്ലാ ഗവ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
പകർപ്പ്

1.എല്ലാ ഐ.ടിമാർക്കും

2. റീജിയണൽ ജോയിന്റ് ഡയറക്ടർ ,കണ്ണൂർ

3. സി.എ.ഡി.റ്റി/എഡി.റ്റി/ഡി.എസ്.എ

4. ഡി.ഡി.റ്റി(തുടർ നടപടി സ്വീകരിക്കുന്നതിന്)